# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 254** — **06/10/2016 ൽ മറുപടി**

## വിദ്യാഭ്യാസ നവീകരണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | വിദ്യാഭ്യാസ നവീകരണ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസുകളെ ഹൈടെക് ആക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ ബജറ്റിലും സ്കൂൾ നവീകരണ പദ്ധതിക്കായി 2202-02-001-85 എന്ന ഹെഡ്ഡിൽ നീക്കിവെച്ചിട്ടുള്ള 362 ലക്ഷം രൂപയിൽ 172 ലക്ഷം രൂപ വിദ്യാഭ്യാസ ഓഫീസുകളുടെ നവീകരണത്തിനും 100 ലക്ഷം രൂപ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളുടെ നവീകരണത്തിനും 90 ലക്ഷം രൂപ പി.ടി.എ. കൾക്ക് ഇൻസെന്റീവ് അവാർഡ് നൽകുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണത്തിനാവശ്യമായ 172 ലക്ഷത്തിന്റെ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 1000 സ്കൂളുകളെ രാജ്യാന്തര നിലവാരത്തിലാക്കുന്ന പദ്ധതി പ്രകാരം ഈ വർഷം എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്. എം.എൽ.എ. മാരിൽ നിന്നും ടി ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. 28/09/2016 ലെ സ.ഉ.(പി)41/2016/ആ.സാ.വ പ്രകാരം അടുത്ത രണ്ട് വർഷം കൊണ്ട് ഹൈസ്കൂൾ-ഹയർ സെക്കന്ററിതലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക ഓരോ ജില്ലയിലും 5 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നിവക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ ഭാഗമായി ഇംഗ്ലീഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിക്കാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ